**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4411** **17.05.2017**- ൽ മറുപടിയ്ക്ക്

## വി കെയർ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.എം.നൗഷാദ്<br>ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുക്കുന്ന ക്ഷേമപരിപാടികൾക്കും വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കും ഫണ്ട് സ്വരൂപിക്കുന്നതിനായി വി കെയർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇപ്രകാരം സ്വരൂപിക്കപ്പെടുന്ന തുക എന്തെല്ലാം കാര്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | അതീവ ഗുരുതര രോഗം ബാധിച്ചവരും സാമ്പത്തികമായി വളരെയധികം പിന്നോക്കം നിൽക്കുന്നവരും ചികിത്സയ്ക്കായി പണം കണ്ടെത്താൻ കഴിയാത്തവരും സാമൂഹ്യസുരക്ഷാ മിഷന്റെ പദ്ധതികളായ ക്യാൻസർ സുരക്ഷാ, താലോലം, വയോമിത്രം, ഹംഗർഫ്രീ സിറ്റി, ശ്രുതിതരംഗം, ആശ്വാസകിരണം, എന്നീ പദ്ധതികളിലൊന്നും ഉൾപ്പെടുത്താൻ കഴിയാത്തവരുമായിട്ടുള്ള അപേക്ഷകർക്കാണ് വികെയർ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്. |
| (സി) | ഈ പദ്ധതിയ്ക്കായി ഏതെല്ലാം മാർഗ്ഗത്തിലൂടെയാണ് പണം സമാഹരിക്കുന്നത്; | (സി) | സമൂഹത്തിലെ ഏറ്റവും അവശത അനുഭവിക്കുന്ന ജനവിഭാഗത്തിന്റെ പുനരധിവാസത്തിനു വേണ്ടി കൈത്താങ്ങാകാൻ സന്മനസ്സുള്ള സമൂഹത്തിലെ നാനാതുറകളിൽപ്പെട്ടവരിൽ നിന്നും കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ, തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ സ്ഥാപനങ്ങൾ, ദേശീയവും അന്തർദേശീയവുമായ ഏജൻസികൾ മുഖേനയും ഫണ്ട് ശേഖരിക്കുന്നു. |
| (ഡി) | ഈ ഫണ്ടിന്റെ ഉപയോഗം സംബന്ധിച്ച് ഓഡിറ്റ് നടത്തുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ